## സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ നടപടിക്രമം

**(സാന്നിദ്ധ്യം : പുനീത് കുമാർ, ഐ.എ.എസ്)**

**വിഷയം :** സംസ്ഥാന ആസൂത്രണ ബോർഡ്, ജീവനക്കാര്യം - റിസർച്ച് അസിസ്റ്റന്റ് ശ്രീമതി.സിമി.എ - ശൂന്യവേതനാവധി കാലയളവിന് ശേഷം അനധികൃതമായി ജോലിക്ക് ഹാജരാകാത്തത് - സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കൽ.

**പരാമർശം :**
1. 07.09.2012 ലെ സ.ഉ.(സാ.ധാ)നം.347/12/പി.എൽ.ജി. നമ്പർ ഉത്തരവ്.
2. 10.09.2012 തീയതിയിലെ ഇ.2-5073/2012/എസ്.പി.ബി നമ്പർ ഉത്തരവ്.
3. 05.08.2017 തീയതിയിലെ ഇ.2-23398/15/എസ്.പി.ബി നമ്പർ ഉത്തരവ്.
4. 08.11.2022 ലെ ഇ.2-5073/2012/എസ്.പി.ബി നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. 23.02.2023 ലെ ഇ.2-5073/2012/എസ്.പി.ബി നമ്പർ കുറ്റാരോപണ മെമ്മോ.
6. 06.06.2023 തീയതിയിലെ ഇ.2-5073/2012/എസ്.പി.ബി നമ്പർ ഉത്തരവ്.
7. 30.06.2023 തീയതിയിലെ ഇ.2-5073/2012/എസ്.പി.ബി/പി.പി.ഒ നമ്പർ അന്വേഷണ റിപ്പോർട്ട്.
8. 14.07.2023 തീയതിയിലെ ഇ.2-5073/2012/എസ്.പി.ബി നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9. 17.08.2023 തീയതിയിലെ ഇ.2-5073/2012/എസ്.പി.ബി നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ.2-5073/2012/എസ്.പി.ബി തീയതി : 10.10.2023.**

സംസ്ഥാന ആസൂത്രണ ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് ശ്രീമതി.സിമി.എയ്ക്ക് കേരള സർവീസ് റൂൾ പാർട്ട് I അനുബന്ധം XII എ പ്രകാരം വിദേശത്ത് ജോലിനോക്കുന്നതിനായി 5 വർഷത്തേക്ക് ശൂന്യ വേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ടിയാരി ഈ ഓഫീസിൽ നിന്നും 10.09.2012 തീയതി പരാമർശം (2) പ്രകാരം വിടുതൽ വാങ്ങുകയും ചെയ്തിരുന്നു.

പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യ വേതനാവധി അവസാനിച്ചതിനെ തുടർന്ന് ടിയാരിയുടെ അപേക്ഷ പ്രകാരം 10.09.2017 മുതൽ 5 വർഷത്തേക്ക് കൂടി വിദേശത്ത് ജോലിനോക്കുന്നതിന് ശൂന്യ വേതനാവധി ദീർഘിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (3) പ്രകാരം അനുവദിച്ച ശൂന്യവേതനാവധി അവസാനിച്ച ശേഷം ശ്രീമതി.സിമി.എ 10.09.2022 തീയതിയിൽ ജോലിക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് ഇതുമായി ബന്ധപ്പെട്ട് വിശദീകരണം നൽകുവാൻ 15 ദിവസം സമയം അനുവദിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ശ്രീമതി.സിമി.എയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

എന്നാൽ ഇതുമായി ബന്ധപ്പെട്ട് യാതൊരു മറുപടിയും ടിയാരിയിൽ നിന്നും ലഭിക്കാതിരുന്നതിനെ തുടർന്ന് പരാമർശം (5) പ്രകാരം കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

രജിസ്റ്റേർഡ് തപാൽ മുഖേന അയച്ച കുറ്റാരോപണ മെമ്മോ കൈപ്പറ്റിയതായി പോസ്റ്റ് ഓഫീസ് ഡെലിവറി റിപ്പോർട്ട് പ്രകാരം കാണുകയും, എന്നാൽ ഇതിനും യാതൊരു വിശദീകരണവും ടിയാരിയിൽ നിന്നും ലഭിക്കാതിരുന്നതിനെ തുടർന്ന് ടിയാരിക്കെതിരെ 1960

ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടം 15 പ്രകാരമുള്ള കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി ടി വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഈ ഓഫീസിലെ പ്ലാൻ പബ്ലിസിറ്റി ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

ആയതിൻ പ്രകാരം ഈ വിഷയത്തിൽ അന്വേഷണം നടത്തി പരാമർശം (7) പ്രകാരം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ, ഈ ഓഫീസിൽ നിന്നും അറിയിപ്പും, അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകിയിട്ടും ആയതിന് രേഖാമൂലം മറുപടി നൽകാതെയും, ജോലിയിൽ തിരികെ പ്രവേശിക്കാതെയും ടിയാരി അനധികൃതമായി വിദേശ രാജ്യമായ ചൈനയിൽ ജോലിയിൽ തുടരുന്നതായും, ആയത് ഗുരുതരമായ അച്ചടക്ക ലംഘനമായതിനാൽ ടിയാരിക്ക് എതിരെ കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ് എന്നും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ധനകാര്യ (രഹസ്യ) വകുപ്പിലെ 05.11.2020 തീയതിയിലെ സ.ഉ.(അച്ചടി) നം.152/2020/ധന നമ്പർ ഉത്തരവ് പ്രകാരം ശൂന്യ വേതനാവധിക്ക് ശേഷം സർവീസിൽ തിരികെ പ്രവേശിക്കാതിരിക്കുന്നവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സർവീസിൽ നിന്നും നീക്കം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതായും, ആയതിനാൽ മേൽ ചട്ടങ്ങളുടെയും അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി.സിമി.എയെ സംസ്ഥാന ആസൂത്രണ ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ നിന്നും നീക്കം ചെയ്യുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളതായും ഇപ്രകാരം നടപടി എടുക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ നേരിട്ടോ അല്ലെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതമോ 14 ദിവസത്തിനകം ഹാജരാകുവാനും, ടി കാലാവധിക്കുള്ളിൽ രേഖാമൂലമായ മറുപടി ലഭിക്കാത്ത പക്ഷം സർവീസിൽ നിന്നും നീക്കം ചെയ്യുന്നതാണ് എന്നും പരാമർശം (8) പ്രകാരം ടിയാരിക്ക് വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

എന്നാൽ ഇത് കൈപ്പറ്റാതെ തിരികെ ലഭ്യമായതിനെ തുടർന്ന് വീണ്ടും ടിയാരിക്ക് വിശദീകരണം സമർപ്പിക്കുവാൻ 14 ദിവസം സമയം അനുവദിച്ച് പരാമർശം (9) പ്രകാരം കത്ത് നൽകിയിരുന്നു. രജിസ്റ്റേർഡ് തപാൽ മുഖേന അയച്ച കത്ത് കൈപ്പറ്റിയതായി പോസ്റ്റ് ഓഫീസ് ഡെലിവറി റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനും ടിയാരിയിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെയായി ലഭിച്ചിട്ടില്ല.

കേരള സർവീസ് റൂൾ പാർട്ട് I അനുബന്ധം XII എ പ്രകാരം വിദേശത്ത് ജോലിനോക്കുന്നതിനായി അനുവദിച്ച അവധി കാലയളവിന് ശേഷം റിസർച്ച് അസിസ്റ്റന്റ് ശ്രീമതി.സിമി.എ ജോലിയിൽ തിരികെ പ്രവേശിക്കാത്തത് കേരള സർവീസ് റൂൾസ് ഭാഗം I അനുബന്ധം XII എ ചട്ടത്തിന്റെ ലംഘനവും, ഈ ഓഫീസിൽ നിന്നും അറിയിപ്പും, അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകിയിട്ടും അതിന് രേഖാമൂലം മറുപടി നൽകാത്ത പ്രവർത്തി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവും നിലവിൽ അനധികൃതമായി വിദേശ രാജ്യമായ ചൈനയിൽ ജോലിയിൽ തുടരുന്നത് ഗുരുതര അച്ചടക്ക ലംഘനമാണെന്നും ബോധ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ, കേരള സർവീസ് റൂൾ പാർട്ട് I അനുബന്ധം XII എ പ്രകാരം വിദേശത്ത് ജോലിനോക്കുന്നതിനായി അനുവദിച്ച ശൂന്യവേതനാവധി കാലയളവിന് ശേഷം ജോലിയിൽ തിരകെ പ്രവേശിക്കാതെ വിദേശ രാജ്യമായ ചൈനയിൽ ജോലിയിൽ തുടരുന്ന സംസ്ഥാന ആസൂത്രണ ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് ശ്രീമതി.സിമി.എയെ കേരള

സർവീസ് റൂൾസ് ഭാഗം I അനുബന്ധം XII എ ചട്ടത്തിന്റെയും, സർക്കാർ ധനകാര്യ (രഹസ്യ) വകുപ്പിലെ 05.11.2020 തീയതിയിലെ സ.ഉ.(അച്ചടി) നം.152/2020/ധന നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഈ വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

ഒപ്പ്/-
പുനീത് കുമാർ, ഐ.എ.എസ്
മെമ്പർ സെക്രട്ടറി

സ്വീകർത്താവ് :

ശ്രീമതി.സിമി.എ,
റിസർച്ച് അസിസ്റ്റന്റ് (ശൂന്യവേതനാവധിയിൽ),
സ്മൃതി, എൻ.എൽ ആർ.എ - 219, നീരാഴി ലൈൻ, ഉള്ളൂർ,
മെഡിക്കൽകോളേജ് പി.ഒ, തിരുവനന്തപുരം.

പകർപ്പ് :

1. പ്ലാൻ പബ്ലിസിറ്റി ഓഫീസർ, എസ്.പി.ബി,
2. പബ്ലിക്കേഷൻ ഓഫീസർ, എസ്.പി.ബി.
3. സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് വിഭാഗം.
4. സീനിയർ സൂപ്രണ്ട്, കമ്പ്യൂട്ടർ സെക്ഷൻ.
5. ചീഫ്, ഐ.ടി. വിംഗ്. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
6. മെമ്പർ സെക്രട്ടറിയുടെ സി.എ യ്ക്ക്.
7. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ യ്ക്ക്.
8. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ